LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അനൂപ് ജേക്കബ്: സർ, പുനരധിവാസത്തിനായി 8 കോടി രൂപയുടെ ഒരു പ്രോജക്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ സൂചിപ്പിച്ചു. മൂന്ന് ആശുപത്രികളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ടോ; ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മാനസിക രോഗികളെക്കൂടി ഉൾപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കാര്യം സർക്കാർ ഗൗരവത്തോടെ പരിശോധിക്കുന്നതാണ്. മൂന്ന് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുതന്നെ റീഹാബിലിറ്റേഷൻ സെന്ററുകളുണ്ടാകേണ്ടത് അനിവാര്യമാണ്. അത് ഏത് തരത്തിൽ ഫലപ്രദമായി പ്രാവർത്തികമാക്കാമെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

V സബ്മിഷൻ

(1) കോടതി സമുച്ചയ നിർമ്മാണം

ശ്രീ. കെ. പി. എ. മജീദ്: സർ, തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന്റെ പ്രവൃത്തിയുടെ ഡി.പി.ആർ. അടക്കമുള്ള ഫയൽ 2018 മുതൽ ഗവൺമെന്റിൽ പെൻഡിംഗിലാണ്. പരപ്പനങ്ങാടി കോടതി സമുച്ചയം അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഇവിടെ നിലവിൽ മുൻസിഫ് കോടതിയും മജിസ്ട്രേറ്റ് കോടതിയുമാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ അഭാവം കാരണം കുടുംബ കോടതിയും എം.എ.സി.ടി. (Motor Accidents Claims Tribunal) കോടതിയും ഇപ്പോൾ അവിടെ സിറ്റിംഗ് നടത്തുന്നില്ല. പരപ്പനങ്ങാടിയിൽ സബ്കോടതിയും അഡീഷണൽ ജില്ലാ കോടതിയും ആവശ്യമാണെന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുണ്ടെങ്കിലും കെട്ടിടത്തിന്റെ അപര്യാപ്തതമൂലം സ്ഥാപിക്കപ്പെട്ടിട്ടില്ല. മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥലമുള്ളത് പരപ്പനങ്ങാടി കോടതിയിലാണ്. ഈ കാരണങ്ങൾകൊണ്ടുതന്നെ കോടതി സമുച്ചയം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഈ പ്രവൃത്തി മുമ്പ് വർക്കിംഗ് ഗ്രൂപ്പിലും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിലും പരിഗണനയ്ക്ക് വന്നെങ്കിലും ഇതുവരെ അനുമതിയായിട്ടില്ല. ഇതുസംബന്ധിച്ച ഭരണാനുമതിക്കുവേണ്ടി കേരള ഹൈക്കോടതി നിരന്തരമായി ഗവൺമെന്റിന് പല സന്ദർഭങ്ങളിലും കത്തെഴുതിയിട്ടുണ്ട്. കൂടുതൽ സൗകര്യമുള്ള കോടതി സമുച്ചയം അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ നിലവിൽ രണ്ട് കോടതികളാണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള ആവശ്യം പരിശോധിക്കുന്ന ഘട്ടത്തിൽ ഈ രണ്ട് കോടതികൾക്കുപുറമേ നാല് കോടതികൾകൂടി സ്ഥാപിക്കുന്നതിനായി അഞ്ചുനില കെട്ടിടം ആവശ്യമാണെന്ന് രജിസ്ട്രാർ അറിയിച്ചിരുന്നു. അതിനായി 25,56,00,000 രൂപയുടെ എസ്റ്റിമേറ്റാണ് ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ചത്. വിവിധയിടങ്ങളിലെ കോടതി സമുച്ചയനിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും 25,56,00,000 രൂപ ഈ കെട്ടിട നിർമ്മാണത്തിനായി മാത്രം നീക്കിവയ്ക്കാൻ പ്രയാസമാണെന്ന കാര്യം സർക്കാർ ഹൈക്കോടതി രജിസ്ട്രാറെ അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ വീണ്ടും പരിശോധന വേണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യത്തെത്തുടർന്ന് കോടതി സമുച്ചയ നിർമ്മാണങ്ങൾക്കായി കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായ തുകയും അതിന്റെ ധനവിനിയോഗവും സംബന്ധിച്ച വിശദാംശങ്ങൾ ഹൈക്കോടതി രജിസ്ട്രാറോടും ആസൂത്രണ വകുപ്പിനോടും ബന്ധപ്പെട്ട വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് പരപ്പനങ്ങാടിയിലെ കോടതി സമുച്ചയ നിർമ്മാണം സാധ്യമാക്കുന്ന കാര്യത്തിൽ കൂടുതൽ പരിശോധന നടത്തുന്നതാണ്.

(2) പുതിയ ഡാം നിർമ്മാണം

ശ്രീ. വാഴൂർ സോമൻ: സർ, ഇടുക്കി ജില്ലയിലെ എന്റെ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന മുല്ലപ്പെരിയാർ ഡാം സ്ഥിതിചെയ്യുന്നത് കേരളത്തിലെ ഏറ്റവും തീവ്രതയുള്ള ഭൂകമ്പങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പ്രദേശത്താണ്. 1979-ലെ സെൻട്രൽ വാട്ടർ പവർ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് പരമാവധി 136 അടിയായിരുന്നു. തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചതിനെത്തുടർന്ന് ജലനിരപ്പ് ഗണ്യമായി ഉയർത്തിയിട്ടുള്ളതാണ്. തമിഴ്നാട്ടിലെ തേനി, മധുര, രാമനാഥപുരം ജില്ലകളിലെ ജനങ്ങൾക്ക് കൃഷിക്കും മറ്റാവശ്യങ്ങൾക്കും ജലം ലഭിക്കുന്നത് മുല്ലപ്പെരിയാർ ഡാമിൽനിന്നാണ്. എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുന്നതിനുള്ള തീരുമാനം ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിലെ ജനങ്ങളെ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ തേനി, മധുര, രാമനാഥപുരം തുടങ്ങിയ ജില്ലകളിലെ ജനങ്ങൾക്ക് ജലം ഉറപ്പുവരുത്തിക്കൊണ്ട് മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുവേണ്ടി കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ തമ്മിൽ പ്രാരംഭ ചർച്ചകൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.